**പതിമൂന്നാം കേരള നിയമസഭ**
**<u>പതിനാലാം സമ്മേളനം</u>**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4766** 23.07.2015 **ൽ മറുപടിയ്ക്ക്**

## ഇ-ഓഫീസ് സംവിധാനം

| ചോദ്യം<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.കെ.അച്ചുതൻ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.വി.ഡി.സതീശൻ | | മറുപടി<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>( വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി ) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഇ-ഓഫീസ് സംവിധാനം പൂർണ്ണമാക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | ഗവൺമെന്റ് സ്ഥാപനങ്ങളിലെ ഔദ്യോഗിക ഫയൽ നടപടികൾ ഇലക്ട്രോണിക് സംവിധാനത്തിലൂടെ വേഗത്തിലാക്കുക അതുവഴി വേഗത്തിൽ തീരുമാനം എടുക്കാൻ സഹായിക്കുക എന്നുള്ളതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. |
| (സി) | എന്തെല്ലാം സേവനങ്ങളാണ് ഇതുവഴി ജനങ്ങൾക്ക് ലഭിക്കുന്നത്; വ്യക്തമാക്കാമോ; | (സി) | സർക്കാർ ഓഫീസുകളിലെ ഫയൽ നടപടികൾ കാര്യക്ഷമമാകുന്നത് വഴി പൊതുജനങ്ങൾക്ക് സേവനങ്ങൾ വേഗത്തിൽ ലഭ്യമാകും. ഇ-ഓഫീസ് സിറ്റിസൺ ഇന്റർഫേസ് വഴി ഇന്റർനെറ്റിലൂടെ ഫയൽ തൽസ്ഥിതി വിവരം അറിയുവാൻ സാധിക്കും. |
| (ഡി) | ഇതിനായി ഐ.റ്റി മിഷൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; | (ഡി) | ഈ പദ്ധതി നടപ്പാക്കുന്നതിനു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഡിജിറ്റൽ |

| | | | |
|---|---|---|---|
| | വിശദമാക്കാമോ? | | സിഗ്നേച്ചർ, വെർച്ചൽ പ്രൈവറ്റ് നെറ്റ് വർക്ക് എന്നിവ അനുവദിച്ചു നൽകുന്നു. കൂടാതെ പദ്ധതിയുടെ നടത്തിപ്പിനായി ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപവത്കരിക്കുകയും എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു വേണ്ടി അതാതു വകുപ്പിൽ നിന്നുള്ള ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ